# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

നവംബർ: 09, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ജി.എസ്.ടി. പ്രാക്ടിഷ്ണർമാർ ഡിസംബർ 31ന് മുൻപ് യോഗ്യത നേടണം

തിരുവനന്തപുരം: ജി.എസ്.ടി നിയമത്തിൻ കീഴിൽ നികുതി പ്രാക്ടീഷ്ണർമാരായി എൻട്രോൾ ചെയ്തിട്ടുള്ള അഞ്ച് വർഷത്തിൽ താഴെ പ്രവൃത്തിപരിചയമുള്ള വ്യക്തികൾ ഡിസംബർ 31ന് മുൻപ് യോഗ്യത നേടണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

വാറ്റ്/സർവ്വീസ് ടാക്സ് നിയമപ്രകാരം ടാക്സ് പ്രാക്ടീഷ്ണർമാരായി പ്രവർത്തിക്കുകയും എന്നാൽ അഞ്ച് വർഷത്തിൽ താഴെ പ്രവർത്തിപരിചയവുമുള്ളവരാണ് യോഗ്യതാ പരീക്ഷ എഴുതേണ്ടത്. നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സ് ആന്റ് നർക്കോട്ടിക്സ് (എൻ.എ.സി.ഐ.എൻ)നാണ് യോഗ്യത പരീക്ഷ നടത്താനുള്ള ചുമതല. രാജ്യത്തൊട്ടാകെയുള്ള വിവിധ കേന്ദ്രങ്ങളിൽ വച്ച് ഡിസംബർ ഏഴിന് രവിലെ 11.30 മുതൽ 01.30 വരെയാണ് പരീക്ഷ. ഓൺലൈനായി നടക്കുന്ന പരീക്ഷയിൽ ഇരുനൂറ് മാർക്കിനുള്ള നൂറ് മൾട്ടിപ്പിൾചോയ്സ് ചോദ്യങ്ങളാണ് ഉണ്ടാവുക. നൂറ് മാർക്കാണ് പരീക്ഷയിൽ യോഗ്യത നേടാൻ ആവശ്യം. ഇംഗ്ലീഷിലും ഹിന്ദിയിലുമാണ് പരീക്ഷ നടത്തുന്നത്.

ഡിസംബർ ഏഴിന് നടക്കുന്ന പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എൻ.എ.സി.ഐ.എൻ, സി.ബി.ഐ.സി എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകുന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യണം. നവംബർ 16 മുതൽ 25 വരെയാണ് രജിസ്ട്രേഷൻ ലിങ്ക് ലഭ്യമാകുക. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**പരീക്ഷ സിലബസ്**

1. കേന്ദ്ര ജി.എസ്.ടി. നിയമം –2017
2. ഇന്റഗ്രേറ്റട് ജി.എസ്.ടി. നിയമം –2017
3. സംസ്ഥാന ജി.എസ്.ടി. നിയമം –2017
4. കേന്ദ്ര ഭരണ പ്രദേശ ജി.എസ്.ടി. നിയമം –2017
5. ജി.എസ്.ടി.( സംസ്ഥാന നഷ്ടപരിഹാര) നിയമം–2017
6. കേന്ദ്ര ജി.എസ്.ടി. ചട്ടങ്ങൾ –2017
7. ഇന്റഗ്രേറ്റട് ജി.എസ്.ടി. ചട്ടങ്ങൾ –2017
8. സംസ്ഥാന ജി.എസ്.ടി. ചട്ടങ്ങൾ –2017
9. സമയസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, ഓർഡറുകൾ